**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2345** | **05-02-2026 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് നഗരസഭയുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് നഗരസഭയിലെ ജീവനക്കാരുടെ അഭാവം നിമിത്തം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ ഗുരുതര പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിലെ എഞ്ചിനീയറിംഗ്, മിനിസ്റ്റീരിയൽ വിഭാഗങ്ങളിലായി ഒഴിവുള്ള തസ്തികകളുടെ വിശദാംശങ്ങൾ അറിയിക്കാമോ; ഈ ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ജീവനക്കാരുടെ കുറവിനെ തുടർന്ന് പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം പോരായ്മകൾ സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഹരിപ്പാട് നഗരസഭയിലെ ജീവനക്കാരുടെ അഭാവം നിമിത്തം പദ്ധതി നിർവഹണ പ്രവർത്തനങ്ങളിൽ ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥാപനത്തിൽ, സെക്കൻഡ് ഗ്രേഡ് ഓവർസിയർ- 1, തേർഡ് ഗ്രേഡ് ഓവർസിയർ- 1 എന്നീ ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഗുരുതരമായ കൃത്യവിലോപം നടത്തി ഹരിപ്പാട് നഗരസഭയുടെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലാക്കിയതിനെ തുടർന്ന് ഹരിപ്പാട് നഗരസഭയിൽ നിന്നും സ്ഥലം മാറ്റപ്പെട്ട മുൻ അസി. എഞ്ചിനീയർ ഇപ്പോഴും ഹരിപ്പാട് നഗരസഭയിൽ തുടരുന്നതിന്റെ കാരണം അറിയിക്കാമോ; | (ബി) | ഭരണപരമായ സൗകര്യാർത്ഥം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 26/09/2025-ലെ LSGD/PD/20205/2025/DEA4 നമ്പർ ഉത്തരവ് പ്രകാരം ഹരിപ്പാട് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. പ്രമീള പി. പി-യെ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചതിനെതിരെ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA നം. 1679/2025 കേസിന്മേൽ 29/09/2025 തീയതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ശ്രീമതി. പ്രമീള പി. പി-യുടെ സ്ഥലം മാറ്റം സ്റ്റേ ചെയ്തിട്ടുള്ളതാണ്. |
| (സി) | ഇത് സംബന്ധിച്ച് സംസ്ഥാന അഡ്മിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; വിഷയത്തിന്റെ ഗൗരവ സ്വഭാവം അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ ബോധ്യപ്പെടുത്തി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (സി) | ഹരിപ്പാട് നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി. പ്രമീള പി. പി-യെ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച നടപടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA നം. 1679/2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റേ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസിന്മേലുള്ള എതിർ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | വാർഷിക പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട പദ്ധതി ആനുകൂല്യങ്ങൾ തടസ്സപ്പെടുത്തിയ പ്രസ്തുത ഉദ്യോഗസ്ഥയ്ക്കെതിരെ എന്ത് അച്ചടക്ക/ശിക്ഷ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | ഹരിപ്പാട് നഗരസഭയിലെ വാർഷിക പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ലഭിക്കേണ്ട പദ്ധതി ആനുകൂല്യങ്ങൾ ഉദ്യോഗസ്ഥർ തടസ്സപ്പെടുത്തി എന്നുള്ള റിപ്പോർട്ട്, ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമായിട്ടില്ല. അപ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ